## കമ്പ്യൂട്ടർ സാക്ഷരർക്ക് സ്വയംതൊഴിൽ പദ്ധതി

66 [1205] ശ്രീ. ലൂഡി ലൂയിസ്:
,, എം. മുരളി:
,, ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ സാക്ഷരത ലഭിച്ചവർക്ക് തൊഴിൽ ലഭിക്കുന്നതിന് എന്തെല്ലാം സഹായം നൽകിവരുന്നു;

(ബി) കമ്പ്യൂട്ടർ സാക്ഷരത ലഭിച്ചവർക്ക് സ്വയംതൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കമ്പ്യൂട്ടർ സാക്ഷരർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി സഹായം നൽകുന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് കമ്പ്യൂട്ടർ സാക്ഷരത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Bridging the Digital Divide (AKSHAYA) Project. ഇപ്പോൾ ഈ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിവരുന്നു. കമ്പ്യൂട്ടർ സാക്ഷരരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് സാധാരണ ജനതയ്ക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനും ആധുനിക വിവര സാങ്കേതിക രംഗത്തെ സാധ്യതകൾ ഉപയോഗിക്കുന്നതിനും അക്ഷയകേന്ദ്രങ്ങൾവഴി വിവിധ സർക്കാർ സേവന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാനും സാധിക്കും.

(ബി, സി) കമ്പ്യൂട്ടർ സാക്ഷരത തൊഴിൽ ലഭിക്കുന്നതിനുള്ള യോഗ്യതയാകുന്നില്ല. മലപ്പുറം ജില്ലയിൽ നടപ്പിലാക്കിവരുന്ന അക്ഷയ പദ്ധതി മുഖേന 2,500 ഓളം പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്ന തുടർപഠനംമൂലം പുത്തൻ തൊഴിലവസരങ്ങൾ തുറന്നുകൊടുക്കപ്പെടും.

മലപ്പുറം ജില്ലയിൽ വിജയകരമായി നടപ്പിലാക്കി വരുന്ന അക്ഷയ പദ്ധതി, സംസ്ഥാനത്ത് മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓരോ സംരംഭകനും 3 മുതൽ 4 വരെ ആളുകൾക്ക് ഓരോ അക്ഷയ കേന്ദ്രത്തിലും തൊഴിൽ ലഭ്യമാക്കാൻ സാധിക്കും. ഇപ്രകാരം 7,000-ത്തോളം അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനമൊട്ടാകെ ആരംഭിക്കും. അക്ഷയ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുമ്പോൾ ഏകദേശം 30,000 പേർക്ക് അക്ഷയ കേന്ദ്രങ്ങൾവഴി തൊഴിൽ ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly